**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1759** **15-03-2022 - ൽ മറുപടിയ്ക്ക്**

**ആശ്വാസകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആശ്വാസകിരണം പദ്ധതിയിൽ നാളിതുവരെ ലഭ്യമായ അപേക്ഷകളുടെ എണ്ണം വ്യക്തമാക്കാമോ; | (എ) | ആശ്വാസകിരണം പദ്ധതി പ്രകാരം നിലവിൽ 92412 ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകി വരുന്നത്. 2018 മാർച്ച് മാസം വരെ ലഭിച്ച അപേക്ഷകളിന്മേലാണ് തീർപ്പ കൽപ്പിച്ചിട്ടുള്ളത്. 2018 ഏപ്രിൽ മുതൽ 2022 ഫെബ്രുവരി വരെ 62282 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകളിൽ തീർപ്പ് കല്പിച്ചവയുടെ എണ്ണവും കാലയളവും വ്യക്തമാക്കാമോ; | (ബി) | ആശ്വാസകിരണം പദ്ധതി പ്രകാരം 2018 മാർച്ച് 31 വരെയുള്ള അപേക്ഷകർക്ക് 2020 ഓഗസ്റ്റ് മാസം വരെയുള്ള കുടിശ്ശിക ധനസഹായം 2021 ഡിസംബർ മാസത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ധനസഹായം നൽകിയിട്ടുള്ളവരുടെ വർഷം തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം അർഹതപ്പെട്ടവർക്ക് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) | അപേക്ഷകരുടെ എണ്ണം വർഷംതോറും വളരെ കൂടി വരുന്നതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധിക ധനവിനിയോഗം മുഖേന അധിക തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിലവിലെ ഗുണഭോക്താക്കൾക്ക് കൂടി കുടിശ്ശിക സഹിതം ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| സാമ്പത്തിക വർഷം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 2010-11 | 386 |
| 2011-12 | 16048 |
| 2012-13 | 38743 |
| 2013-14 | 57570 |
| 2014-15 | 63544 |
| 2015-16 | 72359 |
| 2016-17 | 90251 |
| 2017-18 | 102952 |
| 2018-19 | 120301 |
| 2019-20 | 113717 |
| 2020-21 | 114188 |
| 2021-22 | 96086 |